(ബി) ഇതിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കാമോ;

(സി) എടമുളക്കടവ് പാലത്തിന്റെ നിർമ്മാണം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) നബാർഡിന്റെ സഹായം ഉറപ്പാക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ ആന്റ് ബി) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി. ഡിസൈൻ തയ്യാറാക്കിവരുന്നു.

(സി ആന്റ് ഡി) ടി പാലം നബാർഡ് ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കുഞ്ഞുണ്ണിക്കരപ്പാലത്തിന്റെ നിർമ്മാണം

309 [2366] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, ഉളിയന്നൂർ-ചന്തക്കടവ് റോഡിലെ കുഞ്ഞുണ്ണിക്കരപ്പാലത്തിന്റെ നിർമ്മാണത്തിന് നബാർഡിന്റെ സഹായം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അപ്രോച്ച് റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) എൽ.എ. എസ്റ്റിമേറ്റ് അംഗീകാരത്തിനായി ഗവൺമെന്റിന് സമർപ്പിക്കുമ്പോൾ അതോടൊപ്പം നിർദ്ദിഷ്ട പാലത്തിന്റെ എസ്റ്റിമേറ്റും നൽകിയിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ; ഇതു സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കാമോ;

(ഡി) കുഞ്ഞുണ്ണിക്കര പാലത്തിന്റെ എൽ.എ. എസ്റ്റിമേറ്റിന് അംഗീകാരം നൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുഞ്ഞുണ്ണിക്കരപ്പാലം നബാർഡ് സഹായത്തോടെ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പാലം നിർമ്മിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു.

(ബി) അപ്രോച്ച് റോഡിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കി, അലൈൻമെന്റ് അംഗീകരിച്ചതിനുശേഷം ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും സർവ്വീസ് ലൈനുകൾ മാറ്റുന്നതിനുമായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി അതിനു മാത്രമായി ഭരണാനുമതി നേടുകയും അതിനുശേഷം ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതിക്ക് അയക്കണമെന്നാണ് വ്യവസ്ഥ.

(ഡി) സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പാലങ്ങളുടെ നിർമ്മാണം

310 [2367] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര പാലങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഇതേ കാലയളവിൽ മറ്റു ജില്ലകളിൽ എത്ര കോടി രൂപ അടങ്കലുള്ള എത്ര പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) 1996-2001 കാലയളവിൽ സംസ്ഥാനത്ത് എത്ര പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നുവെന്നും ഇവയിൽ എത്ര എണ്ണം പണി പൂർത്തിയാക്കിയെന്നും എത്രയെണ്ണം നിർമ്മാണഘട്ടത്തിലുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) 6 പാലങ്ങൾക്ക്.

ഇവ താഴെപ്പറയുന്നവയാണ്:

1. എൽക്കാനപ്പാലം
2. പെരുമ്പളക്കടവ് പാലം
3. എരപ്പുംകടവ് പാലം
4. ഒടയൽചാൽ പാലം
5. പൈനിക്കര പാലം
6. പട്ടേല പാലം

(ബി) റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിൽ 88.69 കോടി രൂപ അടങ്കൽ ചെലവിൽ 53 പാലങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ 16.837 കോടി രൂപ അടങ്കൽ ചെലവിൽ 9 പാലങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly